"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ പന്തൽപാടം മേരിമാതാ ഹയർസെക്കന്ററി സ്കൂളിലെ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ(ഹിന്ദി) ശ്രീമതി.റിൻസി.സി.ആർ ഫയൽ ചെയ്ത WP(C)No. 3974/2021 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 15.2.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2546/2024/GEDN തീയതി,തിരുവനന്തപുരം, 04-04-2024

---

പരാമർശം:- 1. ബഹു. കേരള ഹൈക്കോടതിയുടെ 15.2.2023 -ലെ W.P.(C) No. 3974/2021 മേലുള്ള വിധിന്യായം.

2. മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ ഉപ മേധാവിയുടെ 25/07/2023 തീയതിയിലെ RDDHSE/MLPM/1248/2023-E നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പന്തൽപാടം മേരിമാതാ ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ശ്രീമതി.റിൻസി.സി.ആർ ഫയൽ ചെയ്ത WP (C)3974/2021 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 15.2.2023-ലെ വിധിന്യായത്തിൽ Ext. P16 സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാധാരമായ വിഷയം Ext P15 ഉത്തരവിന്റെയും കെ ഇ ആർ അദ്ധ്യായം XXXII ചട്ടം 6(2)ന് ചുവടെയുള്ള കുറിപ്പ് (i) ന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ഹർജിക്കാരിയെ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹരിജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. അപ്രകാരം 26.6.2023-ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:

ശ്രീമതി.റിൻസി എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി പന്തൽപാടം മേരിമാതാ ഹയർ സെക്കന്ററി സ്കൂളിൽ 01.06.2018-ൽ നിയമിതയായി. ടിയാരി ഹിന്ദിയിൽ Masters degree യും , M.phil ഉം, അലഹബാദ് സാഹിത്യ സമ്മേളൻ-ൽ നിന്നും 2007-ൽ Shiksha-Visharad നേടുകയും ചെയ്തു. 13.11.2018 ൽ യു.ജി.സി ഇറക്കിയ ഉത്തരവ് പ്രകാരം യു.ജി.സി അംഗീകരിച്ച യൂണിവേഴ്സിറ്റികളിൽ നിന്നും ഡിഗ്രി കരസ്ഥമാക്കിയവർ Equivalency സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതില്ല. അലഹബാദ് യൂണിവേഴ്സിറ്റി യു.ജി.സി അംഗീകരിച്ച ഒരു സെൻട്രൽ യൂണിവേഴ്സിറ്റിയാണ്. അതിനാൽ ഹർജിക്കാരിയുടെ മാസ്റ്റേഴ്സ് യോഗ്യതയ്ക്ക് Equivalency സർട്ടിഫിക്കറ്റിന്റെ ആവശ്യകത ഇല്ല. എന്നിരുന്നാലും ദക്ഷിണ ഭാരത ഹിന്ദി പ്രചാർ സഭയിൽ നിന്നും എടുത്ത Degree of Master of Arts in Hindi മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Art in Hindi (Regular) മായി Equivalent ആണെന്ന സർട്ടിഫിക്കറ്റ് ആ സർവ്വകലാശാല 28.03.2018നു നൽകിയിരുന്നു.

എന്നാൽ ശ്രീമതി.റിൻസിയുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്യാൻ പ്രൊപ്പോസൽ മാനേജർ ആർ.ഡി.ഡി മുമ്പാകെ സമർപ്പിച്ചുവെങ്കിലും, സെറ്റ് യോഗ്യത ഇല്ല എന്ന കാരണത്താൽ 08.05.2019 ന്റെ ആർ.ഡി.ഡി അപ്രൂവൽ നിരാകരിക്കുകയാണ് ഉണ്ടായത്.

എന്നാൽ ടി കാരണങ്ങൾ പൂർണ്ണമായി തെറ്റും നിയമപരമായി നിലനിൽക്കാത്തതും ആയിരുന്നു. KER Chapter 32 Rule 10(3) പ്രകാരം M.phil SET ന്റെ പകരം ഉള്ള യോഗ്യത ആണ്. ആയതിനാൽ ആണ് ശ്രീമതി.റിൻസി അതിനെതിരെ WP © No.19852/2019-ലെ വിധി പ്രകാരം ആർ.ഡി.ഡി ഓർഡറിന് എതിരെ റിവിഷൻ ഫയൽ ചെയ്തു സർക്കാരിനെ സമീപിച്ചത്. സർക്കാർ GO (Rt) No.3490/2020/GEDN DATED 29.12.2020 പ്രകാരം റിവിഷൻ ഹർജി തള്ളുകയും അതിനെതിരെ വാദി കക്ഷി WP (C) No.3974/2023 ഫയൽ ചെയ്യുകയും ചെയ്തു. കോടതി സർക്കാരിന്റെയും ഹർജിക്കാരിയുടെയും വാദങ്ങൾ കേട്ടതിന് ശേഷം 15.02.2023 ന്റെ വിധി പുറപ്പെടുവിച്ചു.

Rule 6(2) of Note (I) of Chapter XXXII KER പ്രകാരം B.Ed ഡിഗ്രി ഉള്ളവർ ഇല്ലാത്തപക്ഷം, SET പാസ്സ് ആയവരെ ആണ് പരിഗണിക്കേണ്ടത്. Rule 10 (3) പ്രകാരം M.Phil SET ന്റെ തത്തുല്യമായി പരിഗണിക്കാവുന്നത് ആണ്. വാദി കക്ഷിക്കു M.Phil ഉണ്ട്. Rule 6 (2) of Note (iii) of Chapter XXXII KER പ്രകാരം Languages Teachers Training Course, Diploma in Hindi teaching എന്നിവ ഉള്ളവർക്കും B.Ed ആവശ്യമില്ല. ടിയാരിക്ക് ഹിന്ദിയിൽ തന്നെ രണ്ട് മാസ്റ്റേഴ്സ് സർട്ടിഫിക്കറ്റും B.Ed ന്റെ തുല്യമായ Shiksha-Visharad ഉം ഉണ്ട്. അതിനാൽ വാദി കക്ഷി പ്രസ്തുത സ്കൂളിൽ എച്ച്.എസ്.എസ്.റ്റി ആയി നിയമിക്കപ്പെടാൻ കെ.ഇ.ആർ പ്രകാരം പൂർണ്ണമായി യോഗ്യയാണ്.

കോടതി വിധിയിൽ പ്രതിപാദിച്ചിട്ടുള്ള G.O(Rt)No.3307/2005/G.Edn dated 04.07.2005 പ്രകാരം ആണ് വാദി കക്ഷിയെ പോലെ തന്നെ അലഹബാദ് സാഹിത്യ സമ്മേളൻ-ൽ നിന്നും Shiksha-Visharad നേടിയ ശ്രീമതി.ചിത്ര ദേവി എന്ന അദ്ധ്യാപികയുടെ ഹയർ സെക്കന്ററി അദ്ധ്യാപിക നിയമനത്തിന് സർക്കാർ അംഗീകാരം കൊടുത്തത്. ഒരേ യോഗ്യതയുള്ള ഒരാളെ സർവ്വീസിൽ തുടരാൻ അനുവദിക്കുകയും വേറെ ഒരാളെ അപ്രൂവ് ചെയ്യാതെ ഇരിക്കുകയും ചെയ്യുന്നത് ഇരട്ട നീതിയാണ്. ഇത് കോടതി വിധിയിൽ കൃത്യമായി ചൂണ്ടിക്കാണിക്കപ്പെടുകയും ചെയ്തതാണ്. അതിനാൽ ആണ് ശ്രീമതി.ചിത്രാ ദേവിക്ക് G.O (Rt) No.3307/2005/G.Edn dated 04.07.2005 പ്രകാരം കൊടുത്ത ആനുകൂല്യം വാദി കക്ഷിക്കും കൊടുക്കണം എന്ന് കോടതി വിധിച്ചത്. G.O (MS)No.88/98/G.Edn dated 17.3.1998 പ്രകാരം 31.12.2009 വരെ NCTE അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും Shiksha-Visharad നേടിയതു സർക്കാർ അംഗീകരിച്ചിരുന്നു. G.O (MS) No.28/2010/G.Edn dated 9.2.2010 പ്രകാരം 31.12.2009 NCTE അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള Shiksha-Visharad ന്റെ അംഗീകാരം നൽകുകയും, ഹൈസ്കൂൾ വരെ അത് B.Ed ന്റെ തുല്യമായ യോഗ്യത ആയി സർക്കാർ അംഗീകരിക്കുകയും ചെയ്തു.

വാദി കക്ഷി 2009ന്റെ മുൻപു 2007-ൽ തന്നെ Shiksha Visharad ഡിഗ്രി കരസ്ഥമാക്കിയതാണ്. G.O (MS)No.28/2010/G.Edn dated 09.02.2010 പ്രകാരം 2009 വരെ ഉള്ള Shiksha Visharad സർക്കാർ അംഗീകരിച്ചതാണ്. മാത്രമല്ല അലഹബാദ് സർവ്വകലാശാല NCTE അംഗീകാരം ഉള്ള സർവ്വകലാശാലയും ആണ്. ഒരു കോഴ്സിന് അംഗീകാരം കൊടുത്തതിന് ശേഷം അതിനെ 10 ക്ലാസ്സ് വരെ എന്ന് പറഞ്ഞു ലിമിറ്റ് ചെയ്യുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല. കെ.ഇ.ആർ പ്രകാരം B.Ed, Post Graduation, എന്നത് ഹൈസ്കൂൾ അദ്ധ്യാപികയ്ക്കും ഹയർസെക്കന്ററി അദ്ധ്യാപികയ്ക്കും ഒരുപോലെ വേണ്ട യോഗ്യത ആണ്.

അങ്ങനെ ഇരിക്കെ, ഒരു ഡിഗ്രി B.Edനു തുല്യമാക്കുമ്പോൾ, അതിനെ ഹൈസ്കൂൾ തലംവരെ മാത്രം അംഗീകാരം നൽകി പരിമിതപ്പെടുത്താൻ പാടുള്ളതല്ല. ടി നടപടി കെ.ഇ.ആർ-നു വിരുദ്ധവും നിയമപരമായി നിലനിൽക്കുന്നതും അല്ല. അതിനാൽ വാദി കക്ഷി പ്രസ്തുത സ്കൂളിൽ എച്ച്.എസ്.എസ്.റ്റി ആയി നിയമിക്കപ്പെടാൻ നിയമപ്രകാരം പൂർണ്ണമായി യോഗ്യയാണ്.

ശ്രീമതി.റിൻസിക്ക് എച്ച്.എസ്.എസ്.റ്റി ആയി ജോലി ലഭിക്കാൻ കെ.ഇ.ആർ പ്രകാരം ഉള്ള എല്ലാ യോഗ്യതയും ഉണ്ട് എന്നത് മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നും വ്യക്തം ആണ്. B.Ed നു "Equivalent" ആയി ഒരു ഡിഗ്രിയെ പ്രഖ്യാപിക്കുമ്പോൾ അതിനു ഹൈസ്കൂൾ എന്നും ഹയർസെക്കന്ററി എന്നും വേർതിരിക്കാൻ പാടുള്ളതല്ല. അത് Equivalent എന്ന വാക്കിന്റെ അർത്ഥത്തിന് തന്നെ നിരക്കാത്തതാണ്. Annexure A1 കോടതി വിധിയിൽ ഇത്തരം വേർകൃത്യം തെറ്റാണ് എന്നു ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചിട്ടുള്ളതാണ്. മാത്രമല്ല രണ്ട് തട്ടായി അദ്ധ്യാപകരെ തിരിക്കുന്ന ഒരു അദ്ധ്യാപികയ്ക്ക് കൊടുത്ത ആനുകൂല്യം മറ്റൊരു അദ്ധ്യാപികയ്ക്ക് കൊടുക്കാതെ ഇരിക്കുന്ന ഇത്തരം നടപടികൾ ഇന്ത്യൻ ഭരണഘടനയുടെ Article 14നു വിരുദ്ധവുമാണ്.

അതിനാൽ എച്ച്.എസ്.എസ്.റ്റി ആയി നിയമിക്കപ്പെടാൻ ഉള്ള സകല യോഗ്യതകളും ഉള്ള ശ്രീമതി.റിൻസിക്ക് മേൽ പ്രസ്തുവിച്ച വസ്തുതകളും, നിയമങ്ങളും, സർക്കാർ ഉത്തരവുകളും, Annexure A1 കോടതി വിധി പ്രകാരവും എച്ച്.എസ്.എസ്.റ്റി അപ്പോയിന്റ്മെന്റിനു അപ്പ്രൂവൽ നൽകാൻ അഭ്യർത്ഥിക്കുന്നു.

3. സ്കൂൾ മാനേജർ താഴെപറയും പ്രകാരം അറിയിച്ചിട്ടുണ്ട്:

ശ്രീമതി.റിൻസി സി.ആർ-നെ 1.6.2018 ലാണ് എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി സ്കൂളിൽ നിയമിക്കുന്നത്. അവർ NCTE അംഗീകാരമുള്ള Hindi Prachara Kendra, Kodungallur എന്ന സ്ഥാപനത്തിൽ നിന്നു ശിക്ഷാ വിശാരദ് യോഗ്യത 2007-ൽ കരസ്ഥമാക്കിയിരുന്നു. 2012-ൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ എം.എ ഡിഗ്രിയും 2017-ൽ അവരുടെ തന്നെ എം.ഫിൽ ഡിഗ്രിയും നേടുകയുണ്ടായി.

ശ്രീമതി.റിൻസി.സി.ആർ-ന്റെ എല്ലാ യോഗ്യതകളും UGCയും NCTE യും അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് നേടിയിട്ടുള്ളതാണ്. അതു കൊണ്ടുതന്നെ അവയ്ക്കു തുല്യതാ സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. കൂടാതെ 31.12.2009 വരെ നേടിയ ശിക്ഷാ വിശാരദ് യോഗ്യത B.Edനു പകരമായി പരിഗണിക്കാം എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഇത്തരത്തിൽ നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചിത്രാദേവി എന്ന അദ്ധ്യാപികയുടെ എച്ച്.എസ്.എസ്.റ്റി ഹിന്ദി ആയിട്ടുള്ള നിയമനം ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചു നൽകിയത്.

കൂടാതെ തന്നെ അദ്ധ്യായം 32 ചട്ടം 6 (2) Note-1 പ്രകാരം, B.Ed degree ഇല്ലാത്തപക്ഷം M.A Degree യും SET യോഗ്യതയുള്ളവരെയും പരിഗണിക്കാം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല Ph.D/M.Phil Degree ഉള്ളവർക്ക് മുൻഗണന നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചട്ടത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി.റിൻസി.സി.ആർ-നു എച്ച്.എസ്.എസ്.റ്റി ഹിന്ദി ആയി നിയമിതയാകാൻ കൃത്യതയും അർഹതയും ഉണ്ട്.

അപ്രകാരം ശ്രീമതി.റിൻസിയുടെ നിയമന അംഗീകാരം പരിശോധിക്കുമ്പോൾ മുമ്പ് ചിത്രദേവി എന്ന അദ്ധ്യാപികയ്ക്ക് നിയമന അംഗീകാരം നൽകിയ Exhibit P15 ഉത്തരവിന്റെ അടിസ്ഥാനത്തിലും അതുപോലെതന്നെ കെ.ഇ.ആർ അദ്ധ്യായം 32 ചട്ടം 6 (2) Note-1 പ്രകാരവും മാത്രമാണ് പരിശോധിക്കേണ്ടത്. സർക്കാരിന്റെയും മറ്റു വിദ്യാഭ്യാസ ഓഫീസർമാരുടെയും മറ്റുകാരണങ്ങളെ കോടതിവിധിന്യായത്തിൽ നിരാകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രീതിയിൽ തന്നെ ശ്രീമതി.റിൻസിയുടെ നിയമന അംഗീകാരം പുനപരിശോധിച്ചാൽ അവർക്കു നിയമന അംഗീകാരത്തിന് എല്ലാ യോഗ്യതയും ഉണ്ട്. അതുകൊണ്ട് ശ്രീമതി.റിൻസി.സി.ആർ- ന്റെ 1.6.2018 മുതലുള്ള എച്ച്.എസ്.എസ്.റ്റി ഹിന്ദി നിയമനം അംഗീകരിക്കുവാനും അന്നു മുതലുള്ള ശമ്പളവും മറ്റു ആനുകൂല്യങ്ങളും എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുവാനും അഭ്യർത്ഥിക്കുന്നു.

4. മലപ്പുറം മേഖലാ ഉപമേധാവിയുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പാലക്കാട് ജില്ലയിലെ മേരിമാതാ ഹയർസെക്കന്ററി സ്കൂൾ പന്തൽപാടം-ൽ എച്ച്.എസ്.എസ്.റ്റി ഹിന്ദിയായി നിയമിക്കപ്പെട്ട ശ്രീമതി.റിൻസി.സി.ആർ.ന്റെ നിയമനാംഗീകാര ശുപാർശ ബി.എഡ് ഡിഗ്രി/തത്തുല്യ യോഗ്യത, സെറ്റ് യോഗ്യതയുടെ അഭാവത്തിൽ 8.5.2019-ൽ നിരസിക്കുകയുണ്ടായി.

ശ്രീമതി.റിൻസി.സി.ആർ-നു ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ എം.ഫിൽ ഡിഗ്രി 2018 മെയ്-ൽ കരസ്ഥമാക്കിയതായി കാണുന്നു. സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ, മാളയിൽ ഹിന്ദി വിഷയത്തിൽ നിയമിതയായ ഇതേ വിദ്യാഭ്യാസ യോഗ്യതയുള്ള ശ്രീമതി.ചിത്ര ദേവി എം.എ യുടെ നിയമനം സർക്കാർ അംഗീകരിച്ചതായി കാണുന്നു. ഹിന്ദി വിഷയത്തിലെ ശിക്ഷ വിശാരദ് ഡിഗ്രി യുടെ സ്വീകാര്യതയിന്മേൽ സർക്കാരിന്റെ പൊതുവായ ഉത്തരവു നിലവിൽ ഇല്ല എന്നു കാണാവുന്നതാണ്. ശ്രീമതി. റിൻസി സി.ആർ-ന്റെ ഹിന്ദി വിഷയത്തിലെ ശിക്ഷ വിശാരദ് ഡിഗ്രിയുടെ സ്വീകാര്യതയിന്മേൽ സർക്കാർ തലത്തിൽ യുക്തമായ തീരുമാനമെടുക്കാവുന്നതാണ്.

5. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഈ വിഷയം ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് പരിശോധിക്കുകയും, ശിക്ഷ വിശാരദ് യോഗ്യത യു.പി/ഹൈസ്കൂൾ തലത്തിലുള്ള ഹിന്ദി അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് യോഗ്യതയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ റിവിഷൻ ഹർജി നിരസിച്ചു കൊണ്ട് G.O (Rt) 3490/2020/G.Edn തീയതി 29.12.2020 (Ext.P16) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. ഹിന്ദി സാഹിത്യ സമ്മേളൻ അലഹബാദ് നടത്തിവരുന്ന ശിക്ഷ വിശാരദ് എന്ന കോഴ്സിന്റെ അംഗീകാരം മാർച്ച് 2006 നു ശേഷം റദ്ദാക്കിയിട്ടുണ്ട്. എന്നാൽ 31/12/2009 വരെ NCTE അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രം നേടിയ ഹിന്ദി സാഹിത്യ സമ്മേളൻ നടത്തുന്ന ശിക്ഷ വിശാരദ് കോഴ്സിന് അംഗീകാരം നല്കിയിട്ടുള്ളതായും വ്യക്തമാണ്.

മേൽ സാഹചര്യത്തിൽ ഹർജിക്കാരി 2007-ൽ Shiksha-Visharad പാസ്സായിട്ടുള്ളത് NCTE അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നായതിനാലും സമാനമായ കേസിൽ മാള സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ശ്രീമതി.ചിത്രാദേവിയുടെ നിയമനം അംഗീകരിച്ച് GO (Rt)3307/2005/പൊ.വി.വ തീയതി 4.7.2005 Ext.P15 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഹർജിക്കാരിയുടെ പാലക്കാട് ജില്ലയിലെ പന്തൽപാടം മേരിമാതാ ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിയ്ക്കാൻ മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയ്ക്ക് നിർദ്ദേശം നൽകി ബഹു.ഹൈക്കോടതിയുടെ പരാമർശം 1 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവി
സിവിൽ സ്റ്റേഷൻ മലപ്പുറം.
മാനേജർ, മേരിമാതാ ഹയർ സെക്കന്ററി സ്കൂൾ, പന്തൽപാടം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, മേരിമാതാ ഹയർ സെക്കന്ററി സ്കൂൾ, പന്തൽപാടം, പാലക്കാട്.
ശ്രീമതി.റിൻസി.സി.ആർ, ഹയർസെക്കന്ററി സ്കൂൾ ടീച്ചർ(ഹിന്ദി)
മേരിമാതാ ഹയർ സെക്കന്ററി സ്കൂൾ, പന്തൽപാടം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 04-04-2024 14:09:00
സെക്ഷൻ ഓഫീസർ